LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. കരയിൽ നിന്നും 20 മുതൽ 50 മീറ്റർ വരെ നീളമുള്ള പുലിമുട്ടുകൾക്കായി ജിയോ മാറ്റ് നിരത്തി അതിനു മുകളിൽ 1 kg മുതൽ 500 kg വരെ ഭാരമുള്ള കല്ലുകൾ നിരത്തി, അതിനു മുകളിൽ അഗ്ര ഭാഗത്ത് 5 ടൺ ഭാരമുള്ള ടെട്രാപോഡുകളും അതിനു പിന്നിൽ 2 ടൺ ഭാരമുള്ള ടെട്രാപോഡുകൾ രണ്ട് ലെയറായി നിരത്തിയാണ് ഇവ നിർമ്മിക്കുന്നത്. നിലവിൽ ഹരിപ്പാട് മണ്ഡലത്തിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കരയിൽ 1.50 km നീളത്തിലുള്ള കടൽ തീരത്ത് 13 പുലിമുട്ടുകൾക്ക് 20.08 കോടി രൂപയും, ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.20 km നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകൾക്ക് 26.23 കോടി രൂപയും വട്ടച്ചാലിൽ 1.68 km നീളത്തിലുള്ള കടൽ തീരത്ത് 16 പുലിമുട്ടുകൾക്ക് 28.83 കോടി രൂപയുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഏകദേശം 8% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതിൽ കല്ലുകൾ തൂക്കുവാനുള്ള വെയ്ബ്രിഡ്ജുകളുടെ നിർമ്മാണവും, പതിയാങ്കരയിൽ 3158 എണ്ണം 2 ടൺ ടെട്രാപോഡുകളും, 133 എണ്ണം 5 ടൺ ടെട്രാപോഡുകളും, വട്ടച്ചാലിൽ 2354 എണ്ണം 2 ടൺ ടെട്രാപോഡുകളും, 3432 എണ്ണം 5 ടൺ ടെട്രാപോഡുകളും, ആറാട്ടുപുഴയിൽ 379 എണ്ണം 2 ടൺ ടെട്രാപോഡുകളും, 2385 എണ്ണം 5 ടൺ ടെട്രാപോഡുകളും നിർമ്മിച്ചുകഴിഞ്ഞു.

വടകര മണ്ഡലത്തിലെ തീരസംരക്ഷണം

187(493) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിന് കീഴിൽ മണ്ഡലത്തിൽ ചെലവാക്കിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കുമോ?

വടകര മണ്ഡലത്തിൽ 30 പ്രവൃത്തികളിലായി 42.51 ലക്ഷം രൂപയുടെ പ്രവൃത്തികളും ടി മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിലെ കളാശ്ശേരിമുക്ക് കുടിവെള്ള പദ്ധതിയിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 6,00,000 രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തീകരിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ അഴിയൂർ, ചോറോട് പഞ്ചായത്തുകളിലായി 600 കണക്ഷനുകൾ നൽകാനുള്ള 113.08 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 68.02 ലക്ഷം രൂപ ചെലവഴിച്ച് 300 കുടിവെള്ള കണക്ഷനുകൾ അഴിയൂർ പഞ്ചായത്തിൽ നൽകുന്നതിനുള്ള നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ചോറോട് പഞ്ചായത്തിൽ 43.17 ലക്ഷം ചെലവഴിച്ച് 300 കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 25,14,88,558 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണം നേരിടുന്നതിനുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ നിശ്ചിത ഇടവേളകളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(സി) കടലാക്രമണം നേരിടുന്നതിനായി കേരള തീരത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് ആധികാരിക പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളുടെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി വിശദമായ പഠനം നടത്തിയിട്ടുണ്ട്. പിച്ചി ആസ്ഥാനമായുള്ള KERI എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തി ഭൂപ്രകൃതിയുടെ പ്രത്യേകതകൾകൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ തീരദേശത്തിന് ഗുരുതര ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന കടലാക്രമണങ്ങളെ നേരിടുന്നതിനായി കടലാക്രമണ ഭീഷണി കൂടുതലുള്ള പ്രദേശങ്ങളിലെങ്കിലും അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വടകര മണ്ഡലത്തിലെ 6 സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനായുള്ള സാധ്യതാ പഠനം നടത്തുന്നതിന് പുനെ ആസ്ഥാനമായുള്ള CWPRS എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം ഡിസൈൻ ലഭ്യമാക്കി പുലിമുട്ടുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly